**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2573** **15-10-2024 - ൽ മറുപടിയ്ക്ക്**

**സാഗർ മാല പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുറമുഖങ്ങൾ വികസിപ്പിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, ബേപ്പൂർ തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുവാനും അധികമായി വാർഫ് നിർമ്മിക്കുവാനുമുള്ള പദ്ധതികളാണ് ധനസഹായത്തിനായി കേന്ദ്ര സർക്കാരിന് മുൻപാകെ സമർപ്പിച്ചിട്ടുള്ളത്. പൊന്നാനിയിൽ ഒരു പുതിയ വാർഫ് നിർമ്മിക്കുന്ന പദ്ധതിയും സാഗർമാല പദ്ധതി വഴി ധനസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ പാരിസ്ഥിതിക ആഘാത പഠനം നടത്തി സമർപ്പിക്കുവാൻ സാഗർമാല സെൽ അറിയിച്ചതിനെ തുടർന്ന് ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന ആലപ്പുഴയിൽ തുറമുഖം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ തുറമുഖത്ത് ടൂറിസം വകുപ്പ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കടൽപ്പാലത്തിന് ലംബമായി ഒരു വാർഫ് നിർമ്മിക്കുന്ന പദ്ധതി സാഗർമാല മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഭാവിയിൽ തുറമുഖ പദ്ധതിക്കായി ഈ വാർഫ് ഉപയോഗിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു |

സെക്ഷൻ ഓഫീസർ